

WEDNESDAY

05/11/2025

ബുധനാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor: SINDHU. KS    Editor: Dr. V. Krishnadas



Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 05/11/2025

1. ജൈവ കർഷകർക്കുള്ള അക്ഷയശ്രീ അവാർഡ് – 2025 ലേക്ക് അപേക്ഷ ക്ഷണിച്ചു. ബാംഗ്ലൂർ ആസ്ഥാനമായി പ്രവർത്തിച്ചുവരുന്ന സരോജിനി – ദാമോദരൻ ഫൗണ്ടേഷന്റെ സാരഥിയും, ഇൻഫോസിസിൻറെ സ്ഥാപകരിൽ ഒരാളുമായ ശ്രീ ഷിബുലാലും കുടുംബവുമാണ് ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി 2009 മുതൽ അക്ഷയശ്രീ അവാർഡ് നൽകിവരുന്നത്. 17–ാമത് അക്ഷയശ്രീ അവാർഡിനുള്ള അപേക്ഷയാണ് ക്ഷണിച്ചിരിക്കുന്നത്. സംസ്ഥാനതലത്തിൽ ഏറ്റവും നല്ല ജൈവകർഷകന് രണ്ടു ലക്ഷം (Rs. 2,00,000) രൂപയും ജില്ലാതലത്തിൽ 50,000/- രൂപാ വീതമുള്ള 14 അവാർഡുകളും, മട്ടുപ്പാവ്, സ്കൂൾ, കോളേജ്, വെറ്ററൻസ്, ഔഷധസസ്യങ്ങൾ എന്നീ മേഖലകളിൽ മികച്ച രീതിയിൽ ജൈവകൃഷി ചെയ്യുന്നവർക്ക് 10,000/- രൂപ വീതമുള്ള 33 പ്രോത്സാഹന അവാർഡുകളുമാണ് ഏർപ്പെടുത്തിയിട്ടുള്ളത്. കഴിഞ്ഞ മൂന്നു വർഷത്തിലധികമായി പൂർണമായും **ജൈവഭക്ഷണകൃഷി** ചെയ്യുന്ന കേരളത്തിലെ കർഷകരെയാണ് അവാർഡിന് പരിഗണിക്കുന്നത്.

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

വെള്ളക്കടലാസിൽ കൃഷിയുടെ ലഘു വിവരണവും പൂർണമായ മേൽവിലാസവും വീട്ടിൽ എത്തിച്ചേരാനുള്ള വഴിയും 2 ഫോൺ നമ്പരും, ജില്ലയും അപേക്ഷയിൽ എഴുതിയിരിക്കണം ഫോട്ടോകളോ, മറ്റ് സർട്ടിഫിക്കറ്റുകളോ അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്യേണ്ടതില്ല. അപേക്ഷകൾ ലഭിക്കേണ്ട അവസാന തീയതി 2025 നവംബർ 30. അപേക്ഷ അയക്കേണ്ട വിലാസം : കെ. വി. ദയാൽ, അവാർഡ് കമ്മറ്റി കൺവീനർ, ശ്രീകോവിൽ, മുഹമ്മ പി.ഒ., ആലപ്പുഴ – 688 525. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 9447152460.

2. കൊച്ചി സമുദ്ര ആവാസവ്യവസ്ഥ, മത്സ്യബന്ധനം, അക്വാകൾച്ചർ മേഖലകളിലെ വെല്ലുവിളികൾ ചർച്ച ചെയ്യുന്ന ആഗോള മറൈൻ സിംപോസിയം – മീകോസ് സിഎംഎഫ്ആർഐ യിൽ 04.11.2025 മുതൽ തുടങ്ങി. നവംബർ 6 വരെയുള്ള സമ്മേളനത്തിൽ സമുദ്ര ശാസ്ത്രജ്ഞർ, ഗവേഷകർ, നയരൂപീകരണ വിദഗ്ധർ, വ്യവസായികൾ, കർഷകർ തുടങ്ങിയവർ പങ്കെടുക്കും. മറൈൻ സിംപോസിയത്തിന്റെ ഭാഗമായി പൊതുജനങ്ങൾക്കായി സംഘടിപ്പിക്കുന്ന സീഫുഡ് മേളയിൽ നീരാളി വിഭവങ്ങളുടെ പാചക

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
FARM INFORMATION BUREAU
Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

പ്രദർശനം മുഖ്യ ആകർഷണമാകും. സമുദ്രവിഭവങ്ങളുടെ രുചിവൈവിധ്യങ്ങൾ പരിചയപ്പെടുത്തുന്ന മേളയിൽ പരമ്പരാഗത, നൂതന കടൽ വിഭവങ്ങൾ ലഭ്യമാകും. സ്ത്രീകൂട്ടായ്മകൾ, കുടുംബശ്രീ യൂണിറ്റുകൾ, സീ ഫുഡ് സംരംഭകർ തുടങ്ങിയവരുടെ സ്റ്റാളുകൾ മേളയിലുണ്ട്. രാവിലെ 10 മുതൽ രാത്രി 10 വരെയാണ് മേള. ചൊവ്വ, ബുധൻ ദിവസങ്ങളിൽ വൈകിട്ട് 3 മുതൽ 5 വരെയാണ് പാചക പ്രദർശനം.

## പരിശീലന പരിപാടി

3. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള തൃശ്ശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ **"അച്ചാർ നിർമ്മാണത്തിലെ ശാസ്ത്രീയ വശങ്ങൾ"** എന്ന വിഷയത്തിൽ 2025 നവംബർ 6ന് ഏകദിന പരിശീലന പരിപാടി നടത്തുന്നു. പരിശീലന ഫീസ് 300/- രൂപ. താൽപര്യമുള്ളവർ **9400483754** എന്ന ഫോൺ നമ്പറിൽ (രാവിലെ 10 മണി മുതൽ വൈകിട്ട് 4 മണി വരെ) രജിസ്റ്റർ ചെയ്യാവുന്നതാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

4. ക്ഷീര വികസന വകുപ്പിന്റെ വലിയതുറയിൽ പ്രവർത്തിക്കുന്ന തീറ്റപ്പുൽകൃഷി വികസന പരിശീലന കേന്ദ്രത്തിൽ ക്ഷീര കർഷകർക്ക് വിവിധ വിഷയങ്ങളിൽ ഈ മാസം (നവംബർ) 12, 13 തീയതികളിൽ പരിശീലനം നൽകുന്നു. കൂടുതൽ വിവരങ്ങൾക്ക് 0471-2501706 / 9388834424 എന്നീ നമ്പറുകളിൽ വിളിക്കുകയോ അല്ലെങ്കിൽ വാട്സ് അപ്പ് സന്ദേശം അയക്കുകയോ ചെയ്യുക.

5. കേരള കാർഷിക സർവ്വകലാശാലയ്ക്ക് കീഴിലുള്ള വെള്ളാനിക്കര, കാർഷിക കോളേജിലെ 2025-26 അദ്ധ്യായന വർഷത്തെ RF മോഡിൽ നടത്തുന്ന ബി.എസ്.സി (ഹോണേഴ്സ്) ഹോർട്ടികൾച്ചര് കോഴ്സിലെ ഒഴിവുള്ള സീറ്റുകളിക്കുള്ള സ്പോട്ട് അഡ്മിഷന്, 07.11.2025 തിയ്യതിയിൽ തൃശ്ശൂർ, വെള്ളാനിക്കര കേരള കാർഷിക സർവ്വകലാശാല ഡയറക്ടർ ഓഫ് എഡ്യൂക്കേഷൻ ആസ്ഥാനത്ത് വച്ച് നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. യോഗ്യത, ഫീസ്, ഒഴിവുള്ള സീറ്റുകൾ എന്നിവ സംബന്ധിച്ച വിശദ വിവരങ്ങൾക്ക് www.admissions.kau.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക. അന്വേഷണങ്ങൾക്ക് 0487-2438139 എന്ന നമ്പരിൽ ഓഫീസ് സമയത്ത് ബന്ധപ്പെടാവുന്നതാണ്.

മാധ്യമ ഉപയോഗത്തിന് മാത്രം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
FARM INFORMATION BUREAU
Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

6. മലമ്പുഴ സർക്കാർ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൻറെ ആഭിമുഖ്യത്തിൽ **"ആട് വളർത്തൽ"** എന്ന വിഷയത്തിൽ ഇന്ന് (05/1/2025 ന്) മൃഗസംരക്ഷണ പരിശീലന കേന്ദ്രം മലമ്പുഴയിൽ വച്ച് രാവിലെ 10.00 മണി മുതൽ 5.00 മണി വരെ സൌജന്യ പരിശീലനം ഉണ്ടായിരിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ **0491-2815454** .ആധാർ കാർഡിന്റെ പകർപ്പ് കൊണ്ടുവരേണ്ടതുമാണ്.

7. കേരളകാർഷിക സർവകലാശാലയുടെ കീഴിലുള്ള കോഴിക്കോട് വേങ്ങേരി കാർഷികവിജ്ഞാനവിപണന കേന്ദ്രത്തിൽ **'ശാസ്ത്രീയ കുരുമുളക്കൃഷിയും നഴ്സറിപരിപാലനവും'** എന്ന വിഷയത്തിൽ 2025 നവംബർ 10 തിങ്കളാഴ്ച രാവിലെ 10 മണി മുതൽ ഉച്ചയ്ക്ക് 2 മണിവരെ ഏകദിന പരിശീലന പരിപാടി നടത്തുന്നു. താല്പര്യമുള്ളവർ **0495 2935850, 9188223584** എന്നീ ഫോൺ നമ്പറിൽ പ്രവർത്തി ദിവസങ്ങളിൽ രാവിലെ 10 മണി മുതൽ വൈകിട്ട് 5 മണി വരെ രജിസ്റ്റർ ചെയ്യേണ്ടതാണ്.

8. **കാർഷിക നിർദേശം**

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

പച്ചക്കറികളിൽ രാസകീടനാശിനി പ്രയോഗം കഴിവതും ഒഴിവാക്കണം. ജൈവകീടനാശിനികളായ വേപ്പെണ്ണ ഇമൾഷൻ, വേപ്പെണ്ണ – വെളുത്തുള്ളി മിശ്രിതം തുടങ്ങിയവ ഇലതീനിപ്പുഴുക്കൾ, വെള്ളീച്ച, പയറിലെ മുഞ്ഞ, ചിത്രകീടം ഇവയ്ക്കെതിരെ ഫലപ്രദമായി വിനിയോഗിക്കാം. കൂടാതെ വിവിധതരം കെണികൾ – പഴക്കെണി, തുളസിക്കെണി, ഫെറമോൺ കെണികൾ എന്നിവ വെച്ചും കീടങ്ങളെ ആകർഷിച്ച് നശിപ്പിക്കാം.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം